**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** **24-02-2026 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര കുഴൽ കിണറുകൾ ഉണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | **കേരളത്തിൽ എത്ര കുഴൽക്കിണറുകൾ ഉണ്ടെന്നുള്ള പൂർണ്ണമായ കണക്ക് ലഭ്യമല്ല. എന്നാൽ ഭൂജലവകുപ്പ് നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റിന്റെ ഭാഗമായി കുടുംബശ്രീ -യുടെ സഹായത്തോടെ ജലസ്രോതസ്സുകളുടെ സ്ഥിതി വിവര കണക്കുകൾ (Well Census) ശേഖരിച്ച് വരുന്നുണ്ട്. ആദ്യഘട്ടത്തിൽ ശേഖരിച്ച കുഴൽക്കിണറുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ? | (ബി) | കേരള പഞ്ചായത്ത് /മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 75 പ്രകാരം കുഴൽക്കിണർ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ പെർമിറ്റ് നിർബന്ധമാണ്. പെർമിറ്റ് നൽകുന്നതിന് ഭൂജലവകുപ്പ് നൽകുന്ന ക്ലിയറൻസ് വേണമെന്നും നിഷ്കർഷിക്കുന്നുണ്ട്.<br><br>ഭൂജലവകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്നതിനായി താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്:<br><br>• കുഴൽക്കിണർ നിർമ്മിക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ജില്ലാ ഭൂജല വകുപ്പ് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.<br>• അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കണം:<br><br>ആധാർ കാർഡിന്റെ പകർപ്പ്, നിലവിലെ ഭൂനികുതി രസീത്.<br><br>• ഭൂജല വകുപ്പിലെ വിദഗ്ധർ സ്ഥലം സന്ദർശിച്ച് ഭൂജലലഭ്യതയും മറ്റ് സാങ്കേതിക വശങ്ങളും പരിശോധിച്ച് Feasibility Report നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പെർമിറ്റ് ലഭിച്ച ശേഷം താഴെ പറയുന്ന രണ്ട് രീതികളിൽ നിർമ്മാണം നടത്താം:**<br><br>**<u>ഭൂജല വകുപ്പ് മുഖേന:</u>** വകുപ്പിന്റെ റിഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കാൻ ആഗ്രഹിക്കുന്നവർ, ഫീസിബിലിറ്റി റിപ്പോർട്ടും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പെർമിറ്റും സഹിതം എസ്റ്റിമേറ്റിനായി അപേക്ഷിക്കണം. സീനിയോറിറ്റിയും റിഗ്ഗിന്റെ ലഭ്യതയും അനുസരിച്ച് നിർമ്മാണം നടത്തുന്നതാണ്.<br><br>**<u>അംഗീകൃത സ്വകാര്യ റിഗ്ഗുകൾ:</u>** ഭൂജല വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ റിഗ്ഗുകൾ ഉപയോഗിച്ചും നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്തിയായ ശേഷം, പൂർത്തിയാക്കിയ തീയതി രേഖപ്പെടുത്തിയ റിപ്പോർട്ട് അപേക്ഷകൻ വെള്ളക്കടലാസിൽ എഴുതിയോ ടൈപ്പ് ചെയ്തോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | കുടുംബശ്രീ സർവ്വേ ചെയ്ത ബ്ലോക്കുകളുടെ എണ്ണം | കുടുംബശ്രീ സർവ്വേ ചെയ്ത കുഴൽകിണറുകളുടെ എണ്ണം |
|---|---|---|
| Thiruvananthapuram | 8 | 23593 |
| Kollam | 8 | 11062 |
| Pathanamthitta | 2 | 1699 |
| Alappuzha | 2 | 38486 |
| Kottayam | 2 | 1701 |
| Idukki | 8 | 23463 |
| Ernakulam | 6 | 12389 |
| Thrissur | 11 | 82432 |
| Palakkad | 9 | 86226 |
| Kozhikode | 8 | 16609 |
| Malappuram | 14 | 74838 |
| Wayanad | 4 | 15918 |
| Kannur | 5 | 15620 |
| Kasaragod | 6 | 108388 |
| **Total** | **93** | **512424** |

സെക്ഷൻ ഓഫീസർ